"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം മുസ്ലീം ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി 46148/2024 മേലുള്ള 20.12.2024 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4625/2025/GEDN തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. റിട്ട് ഹർജി 46148/2024 മേലുള്ള 20.12.2024 ലെ വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/05/2025-ലെ എസ്.സി2/10193/2025/ഡിജിഇ നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/05/2025-ലെ ബി6/4180640/2024/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം മുസ്ലീം ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി 46148/2024 മേലുള്ള 20.12.2024 ലെ വിധിന്യായത്തിൽ എക്സിബിറ്റ് പി4 റിവിഷൻ പെറ്റീഷൻ പരിഗണിച്ച് നാല് മാസത്തിനകം തീരുമാനം കൈക്കൊള്ളുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വിധിന്യായത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോട്ടും തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറോട്ടും തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറോട്ടും ആവശ്യപ്പെട്ടിരുന്നു.

2. കണിയാപുരം മുസ്ലീം ബോയ്സ് ഹൈസ്കൂളിൽ 29-11-2022, 01-02-2023 എന്നീ തീയതികളിൽ സൂപ്പർ ചെക്ക് ഓഫീസർ പരിശോധന നടത്തുകയും രണ്ട് പരിശോധന ദിവസങ്ങളിലും ഹാജരില്ലാതിരുന്ന 34 കുട്ടികളെയും ആറാം സാധ്യായ ദിനത്തിന് ശേഷം റ്റി.സി നൽകിയ 53 കുട്ടികളെയും റോളിൽ നിന്നും നീക്കം ചെയ്ത മൂന്ന് കുട്ടികളെയും ഒഴിവാക്കി 2022-2023-ലെ തസ്തിക നിർണ്ണയ ഉത്തരവ് പുതുക്കി 2 യു.പി.എസ്.ടി മാരുടെ തസ്തികകൾ കുറവ് ചെയ്തു. വ്യാജ അഡ്മിഷന് ഉത്തരവാദികളായ പ്രഥമാധ്യാപിക, ബന്ധപ്പെട്ട ടീച്ചർമാർ എന്നിവർക്ക് എതിരെ നടപടിക്ക് നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെന്നും രണ്ടു പരിശോധന ദിവസവും പൊതുവായി 34 കുട്ടികൾ ഹാജരില്ലാതിരുന്നത് തികച്ചും യാദൃശ്ചികമായിരുന്നുവെന്നും ഈ കുട്ടികൾ എല്ലാം തന്നെ തുടർന്ന് സ്കൂളിൽ വരികയും ഇപ്പോഴും തുടർന്ന് പഠിക്കുകയും ചെയ്യുന്നുവെന്നും ഇവരെല്ലാം 2023 മാർച്ചിലെ വാർഷിക പരീക്ഷയെഴുതി തുടർ പഠനം നടത്തുന്നുവെന്നും ഇവരുടെ ഹാജർ പുസ്തകം, പരീക്ഷ ഉത്തര കടലാസ്, പ്രമോഷൻ ലിസ്റ്റ് മുതലായ രേഖകൾ പരിശോധിച്ച് ഇക്കാര്യം ബോധ്യപ്പെടാവുന്നതാണ് എന്നും കേവലം ഊഹാപോഹത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പരിശോധന ദിവസം ഹാജരില്ലാത്ത കുട്ടികളെയും റ്റി.സി നൽകിയ കുട്ടികളെയും വ്യാജമെന്ന നിഗമനത്തിൽ എത്തി അവരുടെ

എണ്ണം കുറവു ചെയ്ത് തസ്തികകളിൽ കുറച്ച നടപടി തികച്ചും അശാസ്ത്രീയമാണ് എന്നും അതിന്റെ പേരിൽ അച്ചടക്ക നടപടി എടുക്കുന്നതും തെറ്റായ സന്ദേശമാണ് അധ്യാപക സമൂഹത്തിന് നൽകുന്നത് എന്നും ആയതിനാൽ മേൽ വസ്തുതകൾ ബോധ്യപ്പെട്ട് സൂപ്പർ ചെക്ക് സെൽ പരിശോധനയുടെ ഫലമായി കുറവ് ചെയ്ത യു.പി.എസ്.ടി തസ്തികകൾ പുന:സ്ഥാപിച്ച് നൽകണമെന്നതാണ് എക്സിബിറ്റ് പി4 റിവിഷൻ ഹർജിയിലെ ആവശ്യം.

3. ടി വിഷയത്തിലുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ പറയും പ്രകാരമാണ്.

കണിയാപുരം മുസ്ലീം ബോയ്സ് ഹൈസ്കൂളിൽ പരാതിയുടെ അടിസ്ഥാനത്തിൽ സൂപ്പർ ചെക്ക് സെൽ 29/11/2022, 01/02/2023 തീയതികളിലായി രണ്ട് പരിശോധനകൾ നടത്തിയിരുന്നു. ഒന്നാം പരിശോധനയിൽ 166 കുട്ടികളും രണ്ടാം പരിശോധനയിൽ 65 കുട്ടികളും ഹാജരായിരുന്നില്ല. രണ്ട് പരിശോധനകളിലുമായി പൊതുവിൽ 34 കുട്ടികളാണ് ഹാജരില്ലാതിരുന്നത്. ആറാം സാധ്യായ ദിവസത്തിന് ശേഷം 53 കുട്ടികൾക്ക് റ്റി.സി. നൽകുകയും 3 കുട്ടികളെ റിമൂവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം രണ്ട് പരിശോധനകളിലുമായി പൊതുവിൽ ഹാജരില്ലാതിരുന്നതും ആറാം സാധ്യായ ദിവസത്തിന് ശേഷം റ്റി.സി. നൽകിയതും റിമൂവ് ചെയ്തതുമായ കുട്ടികളെ കുറവ് ചെയ്ത് താഴെപ്പറയും പ്രകാരം ഡിവിഷനുകൾ പുന:ക്രമീകരിച്ച് ഉത്തരവായിരുന്നു.

| ക്ലാസ്സ് | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|
| ആറാം സാധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണം (ഇഫക്ടീവ് സ്ട്രെങ്ത്) | 32 | 51 | 74 | 102 | 115 | 133 | 507 |
| ആറാം സാധ്യായ ദിവസത്തിന് ശേഷം റ്റി.സി. അനുവദിക്കപ്പെട്ട കുട്ടികളുടെ എണ്ണം | 3 | 9 | 9 | 13 | 13 | 6 | 53 |
| രണ്ട് പരിശോധനകളിലും ഹാജരില്ലാതിരുന്ന കുട്ടികളുടെ എണ്ണം | 1 | 3 | 7 | 6 | 7 | 10 | 34 |
| റിമൂവ് ചെയ്യപ്പെട്ട കുട്ടികളുടെ എണ്ണം | - | - | 2 | - | 1 | - | 3 |
| പരിശോധനയ്ക്ക് ശേഷം യഥാർത്ഥ കുട്ടികളുടെ എണ്ണം | 28 | 39 | 56 | 83 | 94 | 117 | 417 |
| 2022-23 അധ്യയന വർഷം അനുവദിച്ച ഡിവിഷനുകൾ | 2 | 2 | 3 | 3 | 3 | 3 | 16 |
| അനുവദനീയമായ ഡിവിഷനുകൾ | 1 | 2 | 2 | 3 | 2 | 3 | 13 |
| അധിക ഡിവിഷനുകൾ | 1 | - | 1 | - | 1 | - | 1 |

മേൽ പട്ടിക പ്രകാരം സ്കൂളിലെ 5,7,9 ക്ലാസ്സുകളിൽ ഓരോ ഡിവിഷനുകൾ നഷ്ടപ്പെടുന്നു. ഇതിൽ 9-ക്ലാസ്സിലെ മൂന്നാമത്തെ ഡിവിഷൻ 1:40 അനുപാതം അനുസരിച്ച് നിലനിർത്താമെങ്കിലും 5,7 ക്ലാസ്സുകളിലെ ഓരോ ഡിവിഷനുതൾ അധികമാണെന്ന് കണ്ടെത്തുകയും 2 യു.പി.എസ്.റ്റി. തസ്തികകൾ റദ്ദ് ചെയ്ത് ഉത്തരവാകുകയും ചെയ്തിരുന്നു.

സംസ്ഥാനത്ത് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ടും പരമാവധി അദ്ധ്യാപകർക്ക് സംരക്ഷണം അനുവദിച്ചുകൊണ്ടും സർക്കാർ ഉദാര സമീപനം കാട്ടിയിട്ടും

കൃത്രിമ മാർഗ്ഗത്തിലൂടെ ഡിവിഷനും തസ്തികകളും നേടിയെടുക്കുന്നത് ഗൗരവത്തോടെ കാണേണ്ട സാഹചര്യം ഉള്ളതിനാൽ അനധികൃതമായി ഡിവിഷനും തസ്തികകളും സൃഷ്ടിക്കുന്നതിനായി സ്കൂളിൽ പഠിക്കാത്ത കുട്ടികളുടെ വിവരങ്ങൾ രേഖകളിൽ ചേർക്കുകയും ആറാം സാധ്യായ ദിവസത്തിന് ശേഷം അവരെ നീക്കം ചെയ്യുകയോ, റ്റി.സി. നൽകിയതായി രേഖ ഉണ്ടാക്കുകയോ പോലുള്ള ക്രമക്കേടുകൾ ഉണ്ടാകാൻ പാടില്ല എന്ന് എല്ലാ വർഷവും മുന്നറിയിപ്പ് നല്കാറുള്ളതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ അവഗണിച്ചാണ് കണിയാപുരം മുസ്ലീം ബോയ്സ് ഹൈസ്കൂളിൽ അധിക ഡിവിഷനും തസ്തികയും നേടി എടുത്തതായി കാണുന്നത്. ആയതിനാൽ വ്യാജ അഡ്മിഷൻ മുഖേന വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം, പുസ്തകങ്ങൾ, യൂണിഫോം, സ്കോളർഷിപ്പുകൾ, അദ്ധ്യാപകരുടെ ശമ്പളം തുടങ്ങിയ ഇനത്തിൽ സർക്കാരിന് നഷ്ടമായ തുക അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും, വ്യാജ അഡ്മിഷന് ഉത്തരവാദികളായ പ്രധാനാദ്ധ്യാപകൻ, വ്യാജ അഡ്മിഷൻ റോളിൽ തുടരാൻ സഹായിച്ച ക്ലാസ്സ് അദ്ധ്യാപകർ എന്നിവർക്കെതിരെ കേരള വിദ്യാഭ്യാസ നിയമം 1958 സെക്ഷൻ 12 (എ) പ്രകാരം നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

4. മേൽ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സൂപ്പർ ചെക്ക് സെൽ വിഭാഗം ടി സ്കൂളിൽ നടത്തിയ രണ്ട് സന്ദർശനവേളയിലും പൊതുവായി ഹാജരാകാതിരുന്ന 34 കുട്ടികളെയാണ് വ്യാജ അഡ്മിഷൻ ഗണത്തിൽപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ആറാം സാദ്ധ്യായ ദിവസത്തിന് ശേഷം ടി.സി. വാങ്ങിപ്പോയ കുട്ടികളെയും, റോളിൽ നിന്നും റിമൂവ് ചെയ്ത കുട്ടികളെയും ഒഴിവാക്കിയിട്ടാണ് തസ്തിക നിർണ്ണയം പുന:ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ 34 കുട്ടികൾ ഹാജരില്ലാതിരുന്നത് തികച്ചും യാദൃശ്ചികമാണെന്നും ഇവരെല്ലാം 2023 മാർച്ചിലെ വാർഷിക പരീക്ഷ എഴുതി തുടർപഠനം നടത്തുന്നു എന്നും ആണ് മാനേജർ അവകാശപ്പെടുന്നത്. കൂടാതെ ആറാം പ്രവർത്തി ദിവസവും തസ്തിക നിർണ്ണ ഉത്തരവ് തീയതിയിലും ഉണ്ടാവുകയും, പിന്നീട് ടി.സി. നൽകുകയും ചെയ്തു എന്ന കാരണത്താൽ തസ്തികകൾ കുറവ് ചെയ്യേണ്ടതായിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു.

5. കുട്ടികൾ ടി.സി. വാങ്ങി പോകുന്ന സാഹചര്യത്തിൽ കൃത്രിമ അഡ്മിഷൻ നടന്നിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ തസ്ത്ിക നിർണ്ണയം പുനർനിർണ്ണയിക്കേണ്ടതില്ല. എന്നാൽ ഇവിടെ സന്ദർശനവേളയിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് സൂപ്പർ ചെക്ക് വിഭാഗം തസ്തിക പുനർനിർണ്ണയം നടത്തിയത്. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിൽ നിന്നും മാനേജ്മെന്റിന്റെ ഭാഗത്ത് ഗുരുതര വീഴ്ച നടന്നിട്ടുള്ളതായി വ്യക്തമാണ്.

6. കൃത്രിമ മാർഗ്ഗത്തിലൂടെ ഡിവിഷനും തസ്തികകളും നേടിയെടുക്കുന്നത് ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. എന്നിരുന്നാലും 34 കുട്ടികൾ ഹാജരില്ലാതിരുന്നത് തികച്ചും യാദൃശ്ചികമാണെന്നും ഇവരെല്ലാം 2023 മാർച്ചിലെ വാർഷിക പരീക്ഷ എഴുതി തുടർപഠനം നടത്തുന്നു എന്നും മാനേജർ അവകാശപ്പെടുന്നതിനാൽ, സൂപ്പർ ചെക്ക് വിഭാഗത്തിന്റെ രണ്ട് പരിശോധനയിലും ഹാജരാകാതിരുന്ന കുട്ടികളും പിന്നീട് ടി.സി. നൽകിയ കുട്ടികളും ടി സ്കൂളിൽ 2023-24 അധ്യയന വർഷവും തുടർപഠനം നടത്തിയിരുന്നില്ല എന്നത് ഉറപ്പ് വരുത്തുവാനും പ്രസ്തുത കുട്ടികൾ ടി സ്കൂളിൽ തുടർപഠനം നടത്തുന്നുണ്ടെങ്കിൽ തസ്തിക നിർണ്ണയം

പുന:പരിശോധിക്കുവാനും അല്ലാത്ത പക്ഷം വ്യാജ അഡ്മിഷൻ മുഖേന വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം, പുസ്തകങ്ങൾ, യൂണിഫോം, സ്കോളർഷിപ്പുകൾ, അദ്ധ്യാപകരുടെ ശമ്പളം തുടങ്ങിയ ഇനത്തിൽ സർക്കാരിന് നഷ്ടമായ തുക അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും, വ്യാജ അഡ്മിഷന് ഉത്തരവാദികളായ പ്രധാനാദ്ധ്യാപകൻ, വ്യാജ അഡ്മിഷൻ റോളിൽ തുടരാൻ സഹായിച്ച ക്ലാസ്സ് അദ്ധ്യാപകർ എന്നിവർക്കെതിരെ കേരള വിദ്യാഭ്യാസ നിയമം 1958 സെക്ഷൻ 12 (എ) പ്രകാരം നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയും പുറപ്പെടുവിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.10.2023 തീയതിയിലെ എസ്.സി.(2)784399/2022/ഡിജിഇ നടപടി ഉത്തരവ് ശരിവച്ചുകൊണ്ട് ആയത് പ്രകാരം തുടർനടപടി സ്വീകരിക്കുവാനും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽപ്രകാരം മുസ്ലീം ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി 46148/2024 മേലുള്ള 20.12.2024 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
മാനേജർ, മുസ്ലീം ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കണിയാപുരം, തിരുവനന്തപുരം-695 301.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/123/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
Date: 15-07-2025 14:39:28
സെക്ഷൻ ഓഫീസർ